# അക്കാദമിക്
# മാസ്റ്റർ പ്ലാൻ



# C.J.M

# ASSUMPTION

# H.S.S

# VARANDARAPPILLY

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര്: സി.ജെ.എം.എ.എച്ച്.എസ്.എസ്
വരന്തരപ്പിള്ളി . P.O.

| | |
|---|---|
| ഫോൺ നമ്പർ | : 0480 2761666 |
| സ്കൂൾ കോഡ് | : 22068 |
| വിദ്യാഭ്യാസ ജില്ല | : തൃശ്ശൂർ |
| വിദ്യാഭ്യാസ ഉപജില്ല | : ചേർപ്പ് |
| റവന്യൂ ജില്ല | : തൃശ്ശൂർ |
| ബി. ആർ. സി. | : കൊടകര |
| സി. ആർ. സി. | : നന്തിക്കര |
| ഗ്രാമപഞ്ചായത്ത് | : വരന്തരപ്പിള്ളി |
| ബ്ലോക്ക് പഞ്ചായത്ത് | : കൊടകര |
| ജില്ല പഞ്ചായത്ത് | : തൃശ്ശൂർ |
| നിയമസഭാ മണ്ഡലം | : പുതുക്കാട് |
| ലോകസഭ മണ്ഡലം | : തൃശ്ശൂർ |
| താലൂക്ക് | : ചാലക്കുടി |
| വില്ലേജ് | : വരന്തരപ്പിള്ളി |
| ഇമെയിൽ | : cjmahss varandarappilly @ gmail.com |

# ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം
- പദ്ധതി രൂപീകരണ പ്രക്രിയ
- നിലവിലെ അവസ്ഥാവിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിട്ടറിംഗ്
- ഉപസംഹാരം

# ആമുഖം

1840 കളിൽ വെള്ളക്കാർ കൊച്ചി മഹാരാജാവിൽ നിന്നും കല്പന വാങ്ങി പ്രധാനനാണ്യവിളയായ റബറിന്റെ ഉല്പാദനത്തിനായി വരന്തരപ്പിള്ളിക്കു കിഴക്കുഭാഗത്ത് റബർ തോട്ടങ്ങൾ വച്ചുപിടിപ്പിക്കാൻ തുടങ്ങി. ഇവിടേക്കുള്ള ഗതാഗത ആവശ്യത്തിനായി ബ്രിട്ടീഷുകാരുടെ നേതൃത്വത്തിൽ ആമ്പല്ലൂർ പാലപ്പിള്ളി റോഡ് വെട്ടുകയും ചെയ്തു വരന്തരപ്പിള്ളിയുടെ പരിസരപ്രദേശങ്ങളിൽ ജനസംഖ്യ വർദ്ധനയുണ്ടായി. ആ കൂട്ടരിൽ ഹിന്ദുവും മുസ്ലീമും ക്രിസ്ത്യനിയുമുണ്ടായിരുന്നു.

പള്ളിക്കുന്നത്തെ പള്ളി അധികാരികൾ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ "പള്ളിയോടൊപ്പം പള്ളിക്കൂടം' എന്ന ആശയം സ്വാംശീകരിച്ചു കൊണ്ട് കന്യ മാതാവിന്റെ നാമധേയത്തിലുള്ള പള്ളിയോടു ചേർന്നു കൊണ്ട് 1916 ജൂൺ 19-ാം തിയതി ഒരു പള്ളിക്കൂടം സെന്റ് ആന്റണീസ് എൽ.പി. സ്കൂൾ. സ്ഥാപിച്ചു. അക്കാലത്ത് എൽ.പി. പഠനത്തിനുശേഷം ഈ പ്രദേശത്തെ മുഴുവൻ കുട്ടികൾക്കും വിദൂരസ്ഥലങ്ങളിൽ പോകാതെ എങ്ങനെ വിദ്യഭ്യാസസൗകര്യം ഒരുക്കണമെന്ന് ചിന്തിച്ചതിന്റെ ഫലമാണ് അന്നത്തെ വികാരിയും സ്കൂൾ മാനേജരുമായ ബഹു. ഫാ. ജോർജ്ജ് പാനിക്കുളത്തിന്റെ നേതൃത്വത്തിൽ 1938 ൽ ഒരു U.P. സ്കൂൾ ആരംഭിച്ചു. പിന്നീട് 1945 ൽ സ്കൂൾ മാനേജർ ഫാ. പീറ്റർ കുണ്ടുകുളത്തിന്റെ ശ്രമഫലമായി ഹൈസ്കൂൾ വിഭാഗം ആരംഭിക്കുകയും ചെയ്തു. ആമ്പല്ലൂരിനു കിഴക്കുദിച്ച ആദ്യ ഹൈസ്കൂളായിരുന്നു വരന്തരപ്പിള്ളിയിലെ അസംപ്ഷൻ ഹൈസ്കൂൾ.

1997 ൽ അന്നത്തെ സ്കൂൾ മാനേജരായിരുന്ന റവ. ഫാ. പോൾ പയ്യപ്പിള്ളിയുടെ ശ്രമഫലമായി ചെമ്മണ്ണൂർ ഗ്രൂപ്പുമായി സഹകരിച്ച് പഴയ സ്കൂൾ കെട്ടിടം പൊളിച്ചു. മാറ്റി ആധുനിക സൗകര്യങ്ങളോടെ മൂന്നു നിലകളിലായി ഇന്നു കാണുന്ന പുതിയ സ്കൂൾ കെട്ടിടം പണികഴിപ്പിച്ചു. തുടർന്ന് 2000-ത്തിൽ സ്കൂൾ മാനേജരായിരുന്ന റവ. ഫാ. ജോസഫ് മുണ്ടശ്ശേരിയുടെ കാലത്ത് ഈ വിദ്യാലയം ഹയർ സെക്കണ്ടറിയായി ഉയർത്തപ്പെടുകയും ചെയ്തു.

അങ്ങനെ ചരിത്രത്തിന്റെ അനസ്യൂതമായ പ്രവാഹത്തിനിടയിൽ പല പ്രധാന നാഴികക്കല്ലുകളും താണ്ടി വരന്തരപ്പിള്ളി, അളഗപ്പനഗർ, പുതുക്കാട്, നെന്മണിക്കര തൃക്കൂർ, മറ്റത്തൂർ, എന്നി പഞ്ചായത്തുകളിലേക്കും തൃശ്ശൂർ ജില്ലയിലെയും വിവിധ മേഖലകളിൽ നിന്നുള്ള നാനാജാതി മതസ്ഥരായ നാളെയുടെ വാഗ്ദാനങ്ങൾക്ക് അക്ഷരദീപം പകർന്നു കൊണ്ട് വലിയൊരു വടവൃക്ഷമായി, നാടിന്റെ നന്മയായി അഭിമാനമായി. സിജെ.എം. അസംപ്ഷൻ ഹയർസെക്കണ്ടറി സ്കൂൾ തലയുയർത്തി നിൽക്കുന്നു.

## ലക്ഷ്യങ്ങൾ

* അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധപ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ
* ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ
* അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല ലക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കൽ
* മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണാന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

# വിദ്യാലയത്തിന്റെ ചരിത്രം

1916 ജൂൺ 19-ാം തിയതി സ്ഥാപിതമായ സെന്റ് ആന്റണീസ് സ്കൂളിന്റെ സമീപത്തു തന്നെ 1938 അന്നത്തെ സ്കൂൾ മാനേജർ റവ. ഫാ. ജോർജ്ജ് പാനികുളത്തിന്റെ ശ്രമഫലമായി യു.പി വിഭാഗവും 1945ൽ മാനേജർ ഫാ. പീറ്റർ കുണ്ടുകുളത്തിന്റെ ശ്രമഫലമായി ഹൈസ്കൂൾ വിഭാഗവും ആരംഭിച്ചു. അന്ന് ഈ സ്കൂൾ അസംപ്ഷൻ ഹൈസ്കൂൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്

1977ൽ സ്കൂൾ മാനേജർ റവ. ഫാ. പോൾ പയ്യപ്പിള്ളിയുടെ ശ്രമഫലമായി ചെമ്മണ്ണൂർ ഗ്രൂപ്പുമായി സഹകരിച്ച് പഴയ സ്കൂൾ കെട്ടിടം പൊളിച്ച് ആധുനിക സൗകര്യങ്ങളോടെ മൂന്നു നിലകളിലായി ഇന്നു കാണുന്ന കെട്ടിടം പണികഴിപ്പിച്ചു. 2000ത്തിൽ സ്കൂൾ മാനേജറായ റവ. ഫാ. ജോസഫ് മുണ്ടശ്ശേരിയുടെ കാലത്ത് ഹയർസെക്കണ്ടറി സ്കൂളായി ഉയർത്തപ്പെട്ടു.

യു.പി. ക്ലാസുമുതൽ ഹയർസെക്കണ്ടറി ക്ലാസുവരെ വിവിധ ക്ലാസുകളിലായി കുട്ടികൾ പഠിക്കുന്നുണ്ട്. S.S.L.C പൊതുപരീക്ഷയിൽ തുടർച്ചയായി 100% വിജയവും H.S.S. പൊതുപരീക്ഷയിൽ സമാന സർക്കാർ അർദ്ധസർക്കാർ വിദ്യാലയങ്ങളെ അപേക്ഷിച്ച് വിജയശതമാനത്തിൽ ബഹുദൂരം മുന്നിലാകാൻ സാധിക്കുന്നുണ്ട്. കൂടുതൽ വിദ്യാർത്ഥികളെ പരീക്ഷയ്ക്കൊരുക്കി 100% വിജയവും മികച്ച വിജയവും നേടുന്ന തൃശ്ശൂർ അതിരൂപത എഡ്യുക്കേഷൻ ഏജൻസിയുടെ പ്രശസ്ത വിദ്യാലയമാണ്.

കലാകായികേതര വിഭാഗത്തിൽ വിദ്യാലയം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ദേശീയ, അന്തർദേശീയ കായികതാരങ്ങളെ വാർത്തെടുക്കാനും കലോത്സവത്തിൽ സംസ്ഥാനതലത്തിൽ നേട്ടം കൈവരിക്കാനായിട്ടുണ്ട്.

വിദ്യാലയത്തിന്റെ മികവാർന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമായി ബെസ്റ്റ് P.T.A അവാർഡ് വിദ്യാലയത്തിന് മുൻകാലങ്ങളിൽ നേടാനായി ട്ടുണ്ട്. സ്കൂളിലെ ക്ലാസ്റൂമുകൾ ഹൈടെക് ആക്കി മാറ്റിയിട്ടുണ്ട്. ഹൈടെക് കമ്പ്യൂട്ടർ, ശാസ്ത്ര, അടൽ ടിങ്കറിംഗ് ലാബുകൾ വിദ്യാലയത്തിന്റെ മുതൽക്കൂട്ട് തന്നെയാണ്. വിദ്യാർത്ഥികളുടെ മൂല്യബോധവും സാമൂഹ്യബോധവും ഉണർത്തുന്നതിനുള്ള പ്രവർത്തനങ്ങളും സാമ്പത്തികസഹായവും സ്കോളർഷിപ്പുകളും വിദ്യാർത്ഥികളുടെ സർവ്വോന്മുഖ വികാസത്തിനായി നൽകി വരുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം

1. പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവതാൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷമാണിവിടെ

* ശുചിത്വം സഹവർത്തിത്വം, ദീനാനുകമ്പ, സേവനം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യമുണ്ട്.
* പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷമുണ്ട്
* ലോകത്തെവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്നുറപ്പിക്കുന്നു.
* പാരിസ്ഥിതിക ബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയുടെ താൽക്കാലിക താമസക്കാർ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കുന്നതിനുതകുന്ന വിദ്യാഭ്യാസപദ്ധതിയാണിവിടെ.

# പദ്ധതി രൂപീകരണ പ്രക്രിയ ഘട്ടങ്ങൾ

* S.R.G. യോഗത്തിൽ C.J.M.A.H.S. സ്കൂളിന്റെ കൂടുതൽ വികസനത്തിനുള്ള കാര്യങ്ങൾ അവതരിപ്പിച്ച് ചർച്ച.
* കൂടുതൽ വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
* ഈ രൂപരേഖ SRG, PTA, MPTA, ജനപ്രതിനിധികൾ, school manager തുടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ തുടർന്നു കിട്ടുന്ന നിർദേശങ്ങൾ കൂട്ടിച്ചേർക്കൽ
* പിന്നീട് PTA യുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

## വിദ്യാലയ പ്രവർത്തനങ്ങൾ

പ്രധാന അധ്യാപകന്റെ നേതൃത്വത്തിൽ അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി വാർഷിക ആസൂത്രണം പൂർത്തിയാക്കി സമയബന്ധിതമായി എല്ലാ പ്രവർത്തനങ്ങളും മികവോടെ വിദ്യാലയം പൂർത്തീകരിക്കുന്നു.

* Monthly Test കൾ വിദ്യാർത്ഥികൾക്ക് Timetable അനുസരിച്ച് നൽകി കൊണ്ട് അനായാസകരമായി പരീക്ഷകൾക്ക് ഒരുക്കുന്നു.
* scheme of work അനുസരിച്ച് പാഠഭാഗങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുക.
* Notebooks പരിശോധന അധ്യാപകരും രക്ഷിതാക്കളും പ്രധാന അധ്യാപകനും പരിശോധിച്ച് വിലയിരുത്തുക.
* പഠനയാത്ര / സംഘടിപ്പിക്കുക.
* വായന വളർത്തുന്ന പ്രവർത്തനങ്ങൾ
* ലൈബ്രറി പുസ്തകങ്ങൾ ഓരോ ക്ലാസിലെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നു.
* ആസ്വാദന കുറിപ്പ്, പുസ്തക പരിചയം. പരിപാടികൾ നടപ്പിലാക്കുന്നു.
* 'ജ്ഞാനമുകുളം' പദ്ധതിയിൽ പൊതുവിജ്ഞാനം ശേഖരിച്ച് ക്വിസ് മത്സരങ്ങൾക്ക് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു.

## സർഗാത്മക കഴിവ് വളർത്തൽ

ചിത്രരചന, അഭിനയം, സംഗീതം, കരകൗശല വസ്തുനിർമ്മാണം, കരാട്ടെ, ബോക്സിങ്, സ്പോർട്സ് എന്നിവയിൽ കൂടുതൽ പരിശീലനം നൽകുന്നു. ശനിയാഴ്ചകളിലും പൊതു അവധിദിനങ്ങളിലും സംഘടിപ്പിക്കുന്നു.

ദേശീയ അന്തർ ദേശീയതാരങ്ങളെ വാർത്തെടുക്കാൻ ഈ പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

## മാധ്യമപ്രവർത്തനം

'V media' ചാനൽ ക്രോഡീകരിച്ച് നടപ്പിലാക്കുന്നു. റിപ്പോർട്ട് വിദ്യാർത്ഥികൾ ഓരോ പ്രവർത്തനങ്ങളും തയ്യാറാക്കി ക്യാമറയിൽ പകർത്തി ചാനലിൽ സംപ്രേഷണം ചെയ്യുന്നു.

'ഷോർട്ട് ഫിലിം' മത്സരങ്ങളിൽ പ്രാപ്തരാക്കാൻ ഗുണപ്രദമായ പ്രവർത്തനങ്ങൾ

* മൂല്യബോധമുള്ള സിനിമകൾ IT ലാബിൽ പ്രദർശിപ്പിക്കുന്നു.

## വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കൽ

വിദ്യാലയവും സമൂഹത്തിന്റെ ഭാഗമാകുന്നതിനായി വിദ്യാർത്ഥികളുടെ സാമീപ്യം സാമൂഹിക പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നു.

### ആദരവ്

മുതിർന്ന വ്യക്തികളെയും അശരണരായ വൃദ്ധരെയും സന്ദർശിച്ച് അവരെ സന്തോഷിപ്പിച്ച് വേണ്ട സഹായങ്ങൾ നൽകുക.

മികച്ച കർഷകരെ ആദരിച്ച് അവരിൽ നിന്ന് കൃഷിയുടെ പാഠങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുക.

* ബോധവത്കരണ പ്രദർശനങ്ങൾ റോൾപ്ലേ സമൂഹമധ്യത്തിൽ അവതരിപ്പിക്കുക
* സംഗീത, യോഗദിനത്തിൽ സാധാരണക്കാർക്ക് ആവശ്യമായ അഭ്യാസങ്ങൾ പഠിപ്പിച്ച് കൊടുക്കുക.

### കാരുണ്യ പ്രവർത്തനങ്ങൾ

'കൂടെയുണ്ട് പദ്ധതി' വിദ്യാലയത്തിലെ കുട്ടികളുടെ/ മാതാപിതാക്കളോ അസുഖബാധിതരായാൽ നിർധനരായ 10 പേർക്ക് മാസം തോറും 2000/രൂപ ധനസഹായം അധ്യാപക വിദ്യാർത്ഥികളുടെ സഹായത്തോടെ നടപ്പിലാക്കുക.

* "കളിപ്പാട്ട ശേഖരണ വിതരണം". വിദ്യാലയത്തിൽ ശേഖരിച്ച് ആലയങ്ങളിൽ ആവശ്യക്കാർക്ക് നൽകുന്നു.

"കുടുംബങ്ങളെ ദത്തെടുക്കൽ"

വരന്തരപ്പിള്ളി പഞ്ചായത്തിലെ നിർധനരായ 10 കുടുംബങ്ങളെ ദത്തെടുത്ത് അവർക്ക് ആവശ്യമായ അരി, പയർവർഗങ്ങൾ സാധന സാമഗ്രികൾ നൽകുന്നു.

പഠന പിന്നോക്കം നിൽക്കുന്നവരെ ശാക്തീകരിക്കൽ

'അമൃതവചനം' പദ്ധതിയിലൂടെ 5,6,7,8,9 ക്ലാസിൽ പഠനപിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് Eng/mal/hindi/Science/Maths/social പ്രത്യേക പരിശീലനം.

* S.S.L.C. വിദ്യാർത്ഥികൾക്ക് രാത്രി 9 മണിവരെ ക്ലാസ്
* NMMS. U.S.S. coaching, പരീക്ഷ പരിശീലനം

* കായിക പരിശീലനം

കായിക അധ്യാപകന്റെ നേതൃത്വത്തിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ദേശീയ, അന്തർദേശീയ താരങ്ങളെ നേടിയെടുത്തു. Local Resource ഉപയോഗിച്ച് കാര്യക്ഷമമായ പ്രവർത്തനം

* ദിനാചരണ കലണ്ടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

# നിലവിലെ വിശകലനം

ഭൗതിക നേട്ടങ്ങൾ :

ക്ലാസ് റൂമുകൾ ഹൈടെക് സംവിധാനത്തിന്റെ ഭാഗമായി H.S. വിഭാഗത്തിൽ ~~മുഴുവ~~ ക്ലാസ്‌റൂമുകൾ ഹൈടെക് ആയി മാറി. U.P. വിഭാഗം കമ്പ്യൂട്ടർ ലാബ് പരിഷ്കരിച്ചു. ആധുനിക ടെക്നോളജിയോടെയുള്ള പഠന സംവിധാനത്തിനുള്ള പരിശീലനം അധ്യാപകർക്ക് നൽകി കൊണ്ട് സംവിധാനം ശക്തമാക്കി. ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, ശാസ്ത്ര ലാബ്, അടൽ ടിങ്കറിങ് ലാബ് തുടങ്ങിയവയുണ്ട്.

ഭൗതിക പരിമിതികൾ

വിശാലമായ സ്കൂൾ മൈതാനം ആധുനികരീതിയിൽ സജ്ജീകരിക്കേണ്ടതായുണ്ട്. പൂന്തോട്ടം കൂടുതൽ ആകർഷകമാക്കാം. ജൈവപാർക്ക് മനോഹരമാക്കാം.

അക്കാദമിക നേട്ടങ്ങൾ ·

കൂടുതൽ വിദ്യാർത്ഥികളെ പരീക്ഷയ്ക്കൊരുക്കി കൊണ്ട് 100% വിജയം തുടർച്ചയായി നേടിക്കൊണ്ടിരിക്കുന്ന വിദ്യാലയമാണ്. ഹൈടെക് ക്ലാസ് മുറികളും ആധുനിക പഠന സാഹചര്യങ്ങളും സ്കോളർഷിപ്പിന് പ്രത്യേക പരിശീലനങ്ങളും നല്ല വിജയശതമാനവും നേടിയെടുക്കാൻ പ്രാപ്തമാക്കിയിട്ടുണ്ട്.

അക്കാദമികം - പരിമിതികൾ

കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തുന്ന രീതിയിൽ കൂടുതൽ പ്രവർത്തനങ്ങൾ നാടകം, ഷോർട്ട് ഫിലിം, തിരക്കഥകൾ തുടങ്ങിയവ കൊണ്ടുവരണം.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്ര പോഷണപരിപാടി
- വായന പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- പഠനയാത്രകൾ
- സെമിനാറുകൾ
- കലാകായിക മേള
- IT പരിശീലനം
- അധ്യാപകശാക്തീകരണ പരിപാടി
- ക്ലാസ് PTA സജീവമാക്കൽ
- സ്കൂൾ പത്രമാസിക
- പ്രവൃത്തി പരിചയ പഠനം
- SRG ശാക്തീകരണം
- പച്ചക്കറിത്തോട്ടം
- അഭിമുഖങ്ങൾ
- പോഷകാഹാര പരിപാടി
- ടേം മൂല്യനിർണയം/ നിരന്തര വിലയിരുത്തൽ
- ദിനാചരണം
- കായിക പഠനം

## ഭൗതികം

- കുടിവെള്ള വിതരണം
- മാലിന്യ സംസ്കരണം
- ടോയ്‌ലറ്റ്
- ലബോറട്ടറി
- ജന്മദിനത്തിനൊരു പുസ്തകം
- ചിത്രരചന
- എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം
- എന്റെ ചെടി എനിക്കും പറയാനുണ്ട്
- ശാസ്ത്രോത്സവം
- ഗണിതോത്സവം

## സാമൂഹികം

- PTA ശാക്തീകരണം
- വിദ്യാലയ വികസന സമിതി
- പൂർവ്വ വിദ്യാർത്ഥി സംഘടന പ്രവർത്തനം
- S. S. G
- L. S. G. സഹായം
- പൂർവ്വ അധ്യാപകരുടെ സാമീപ്യം
- ക്ലബ്, സന്നദ്ധസംഘടനകൾ തുടങ്ങിയവരുടെ സേവനം പ്രയോജനപ്പെടുത്തൽ
- ക്ലാസ് PTA മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ
- വിദ്യാലയ സമൂഹവുമായി പങ്കിടൽ
- പഠനക്കൂട്ടം
- ഭവന സന്ദർശനം

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് ഇംഗ്ലീഷ് ഫലപ്രദമായി എഴുത്ത്, വായന, സംസാരശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം കുട്ടികളുടെ അസംബ്ലി ഇംഗ്ലീഷിൽ അവതരിപ്പിക്കൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | - |

പ്രവർത്തനം 2 : ഇംഗ്ലീഷ് ഡയറി
ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് അനായാസം എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും സ്കൂൾ വിട്, വിശേഷങ്ങൾ ഇംഗ്ലീഷിൽ ഡയറി എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപിക. | |

പ്രവർത്തനം 3 : ഇംഗ്ലീഷ് തിയറ്റർ
ഉപമേഖല : ഇംഗ്ലീഷ് ഭാഷ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി എഴുതി അവതരിപ്പിക്കൽ | പ്രതിമാസ പരിപാടി | HM/ ഇംഗ്ലീഷ് അധ്യാപകർ | 2000/ PTA. |

പ്രവർത്തനം 4 : ഇംഗ്ലീഷ് ബുള്ളറ്റിൻ
ഉപമേഖല : ഇംഗ്ലീഷ് സർഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | പാഠത്തെക്കുറിച്ചും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ | പ്രതിമാസ പരിപാടി | HM/ ഇംഗ്ലീഷ് അധ്യാപികർ | 2000/ പരസ്യത്തിലൂടെ കണ്ടെത്താം. ... |

പ്രവർത്തനം : 11. പദപ്രശ്ന നിർമ്മാണം
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിലൂടെയുള്ള ഭാഷാപഠനം. | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. ഉത്തരം കണ്ടെത്തുന്നവർക്ക് നറുക്കെടുപ്പിലൂടെ വിജയികളെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : ഇംഗ്ലീഷ് കോർണർ
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ പൊതുസ്ഥലത്ത് പ്രദർശിപ്പിക്കാൻ ഷെൽഫ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : രചനാശില്പശാല
ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, രചന സമാഹാരങ്ങളുടെ നിർമ്മാണം. | കഥയരങ്ങ്, കവിയരങ്ങ് രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉല്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ | രണ്ടുമാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | |

പ്രവർത്തനം : ബ്ലോഗ് നിറയ്ക്കൽ യജ്ഞം
ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം S.I.T.C | |

പ്രവർത്തനം: പാവനാടക പരിശീലന ശില്പശാല

ഉപമേഖല : സർഗ്ഗാത്മക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ വിശക |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കാൻ | പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. എസ്. ജി. | 5000/- |

പ്രവർത്തനം : കുട്ടീസ് റേഡിയോ

ഉപമേഖല : ഭാഷയുടെ പ്രകടനപരത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ വിശക |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാക്ലാസ്സിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവുസമയങ്ങളിൽ റേഡിയോ പ്രക്ഷേപണവും, കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണവും, | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | എസ്. ആർ. ജി | 25,000/- വ്യവസായ ഗ്രൂപ്പ് സ്പോൺസർഷിപ്പ് |

പ്രവർത്തനം : 49
പേര് : ടൂൾ, കിറ്റ്, പണിയായുധങ്ങൾ
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൃഷി, അറ്റകുറ്റ പണി തുടങ്ങിയവ കാര്യക്ഷമമാക്കൽ | വൈദ്യുതി, ജലവിതരണം പച്ചക്കറികൃഷി, കമ്പ്യൂട്ടർ തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ടൂൾ ഉപകരണങ്ങളും ആയുധങ്ങളും ഒരു മുറിയിൽ സൂക്ഷിക്കൽ. | 6 മാസം. | PTA സ്റ്റാഫ് സെക്രട്ടറി | |

പ്രവർത്തനം : 50
പേര് : പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹികപങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വവിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ. ഫണ്ട് സമാഹരിക്കൽ. | വർഷത്തിൽ 1. പ്രാവശ്യം | ഒ.എസ്.എ S. S. G. | |

പ്രവർത്തനം : 51
പേര് : പൂർവ്വാധ്യാപക സംഗമം
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വാധ്യാപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കൽ അവരുടെ സേവനം ആവശ്യപ്പെടാം. | വർഷത്തിൽ ഒരിക്കൽ | സ്റ്റാഫ് കൗൺസിൽ | |

പ്രവർത്തനം : 52
പേര് : പി. ടി. എ. യോഗങ്ങൾ (പ്രാദേശികം)
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കുക | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് PTA യോഗങ്ങൾ ചേരൽ. | വർഷത്തിൽ ഒരു പ്രാവശ്യം. | S. S. G. S. R. G. | |

പ്രവർത്തനം : 53
പേര് : മികവുറ്റ സ്കൂളിലേക്ക് പഠനയാത്ര
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക | മികവാർന്ന വിധത്തിൽ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ | വർഷത്തിൽ ഒരു പ്രാവശ്യം. | PTA SRG. | |

പ്രവർത്തനം : 54
പേര് : കാരണവക്കൂട്ടം.
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പ്രവർത്തനം ഉറപ്പാക്കുന്നു. | വിദ്യാലയ പരിസരത്ത് താമസിക്കുന്ന 80 വയസ്സിനു മുകളിൽ പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. നിശ്ചിത ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ കുട്ടികൾ ആശയവിനിമയം നടത്തുന്നു. വിവരണം തയ്യാറാക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഒ. എസ്. എ എസ്. ആർ. ജി | |

പ്രവർത്തനം :

പേര് : ജന്മദിനത്തിനൊരു പുസ്തകം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ് ലൈബ്രറിയുടെ നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ<br>ക്ലാസ് ലീഡർ | |

പ്രവർത്തനം

പേര് : പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | S.R.G<br>S.S.G | |

പ്രവർത്തനം

പേര് : ജൈവ വൈവിധ്യ പാർക്ക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരം ഒരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്.ആർ.ജി | |
| | | | | |

പ്രവർത്തനം

പേര് : പോഷകാഹാര പരിപാടി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ പൂർണ്ണ ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തമായ മെനു വെച്ച് പോഷക സമൃദ്ധമായ ഉച്ച ഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ P.T.A H.M | |

പ്രവർത്തനം

പേര് : ജൈവ പച്ചക്കറി പ്രോത്സാഹനം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജൈവ പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കൽ | ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികൾക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുകയും വീടുകളിലുണ്ടാകുന്ന പച്ചക്കറി ന്യായമായ വിലക്ക് ഏറ്റെടുക്കാൻ അവസരം നൽകൽ. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | PTA ഉച്ചഭക്ഷണ ചുമതലയുള്ള അധ്യാപകർ. | |
| | | | | |

പ്രവർത്തനം :

പേര് : കവാടം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ആകർഷകമാക്കൽ സുരക്ഷിതത്വം | ആകർഷണീയമായ വിധത്തിൽ സ്കൂളിന്റെ കവാടം, പടിപ്പുര എന്നിവ സജ്ജമാക്കൽ | ഒരുവർഷം | പി.ടി.എ. എൽ.എസ്. ജി.വി | |

പ്രവർത്തനം :

പേര് : മൈതാന നിർമ്മാണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | പിള്ളാക്കുട്ടികൾക്കും വിവിധതരത്തിലുള്ള മത്സരങ്ങളിലും കളികളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കിയുള്ള മൈതാനം നിർമ്മിക്കൽ | രണ്ടുവർഷം | പി.ടി.എ. എൽ.എസ്. ജി.വി. | |

പ്രവർത്തനം :

പേര് : നീരുറവ സംരക്ഷണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജലസംരക്ഷണ പ്രവർത്തനം | നിലവിലുള്ള, കിണർ കുഴൽകിണർ എന്നിവയുടെ സംരക്ഷണം | ഒരുവർഷം | പി.ടി.എ | |

പ്രവർത്തനം :

പേര് : യോഗ പരിശീലനം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള മനസ്സും ശരീരവും കുട്ടികൾക്ക് പ്രദാനം ചെയ്യൽ. | വായുസഞ്ചാരമുള്ള മുറി യോഗാ പരിശീലനത്തിന് സജ്ജമാക്കൽ | ആഴ്ചയിൽ ഒന്നുവീതം | പി.ടി.എ M.P.T.A | |

പ്രവർത്തനം

പേര് : ഓഫീസ് ഡിജിറ്റലൈസേഷൻ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയാവശ്യങ്ങൾക്കും പൊതുജനങ്ങൾക്കും ഓഫീസ് സേവനം സുഗമമാക്കൽ | വിദ്യാലയത്തിൽ അഡ്മിഷൻ രജിസ്റ്റർ, വർക്ക് രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ, T.C. രജിസ്റ്റർ, തുടങ്ങിയവ ഡിജിറ്റൽ രൂപത്തിലേക്കു മാറ്റി സൂക്ഷിക്കലും ആവശ്യമായ വിവരം വേഗത്തിൽ ലഭ്യമാക്കലും | 2 വർഷം | എച്ച്.എം ക്ലർക്ക് എസ്.ആർ.ജി. കൺവീനർ | |

പ്രവർത്തനം :

പേര് : മാലിന്യ സംസ്കരണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള കേന്ദ്രീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | P.T.A | |

പ്രവർത്തനം :

പേര് : പൊതിച്ചോറ്

മേഖല : സാമൂഹികം/ജീവകാരുണ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരും ജീവനക്കാരും 5-10 ഭക്ഷണ പൊതികൾ വീതം കൊണ്ടുവരുന്നു സമീപത്തുള്ള അനാഥാലയം, ആശുപത്രി, എന്നിവയ്ക്ക് ഈ പൊതികൾ ഉച്ച ഭക്ഷണമായി എത്തിച്ചു കൊടുക്കൽ. | വർഷത്തിൽ 2 പ്രാവശ്യം | എസ്.ആർ.ജി. | |

പ്രവർത്തനം: സർഗസല്ലാപം
ഉപമേഖല : ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക. | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിച്ച്, വായന, എഴുത്ത് അനുഭവം പങ്കുവെയ്ക്കൽ | വർഷത്തിൽ രണ്ട് പ്രാവശ്യം | H.M & PTA | 2000/ സ്പോൺസർഷിപ്പ്. |

പ്രവർത്തനം : ഗ്രന്ഥശാലാ ശാക്തീകരണം
ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ. | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ജനസമ്പർക്കത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രോഡീകരിക്കൽ. കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം പി.ടി.എ ലൈബ്രേറിയൻ | 2000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : നാടകക്കളരി
ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം | പ്രതിമാസ ക്ലബ്ബ് | ആർട്സ് ക്ലബ്ബ് | --- |

പ്രവർത്തനം : അഭിമുഖങ്ങൾ/സെമിനാറുകൾ
ഉപമേഖല : സർഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്താൻ. സാഹിത്യനായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഒ.എസ്.എ | 10000/- (ഒ.എസ്.എ) |

പ്രവർത്തനം: ഒറിഗാമി ശില്പശാല
ഉപമേഖല : അക്കാദമികം/ ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിത ആസ്വാദനവും ...ചലന ശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. ഒ.എസ്.എ | 1000/- ഒ.എസ്.എ. |

പ്രവർത്തനം : ഗണിതലാബ് സജ്ജീകരിക്കൽ
ഉപമേഖല : അക്കാദമികം/ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി ഗണിത ക്ലബ്ബ് | |

പ്രവർത്തനം : ഗണിത പാർക്ക്
ഉപമേഖല : അക്കാദമികം/ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരമാക്കൽ | • ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി<br>• വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000/- (പി.ടി.എ) |

പ്രവർത്തനം :
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി ബയോളജി എന്നിങ്ങനെ തരം തിരിച്ച് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

## പ്രതീക്ഷിത നേട്ടങ്ങൾ

* ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠന അന്തരീക്ഷം ഒരുക്കുന്നു.
* പ്രകൃതിയോടടുക്കുവാൻ പ്രാപ്തരാക്കുന്നു.
* സ്കൂൾ സമൂഹത്തിൽ പഠന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
* കൂടുതൽ വിദ്യാർത്ഥികൾ വിദ്യാലയത്തിലേക്ക് പ്രവേശനം നേടുന്നു.
* മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
* ഉത്തമ പൗരന്മാരെ വാർത്തെടുക്കുന്നു.

# മോണിട്ടറിംഗ് രീതി

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിട്ടറിംഗ് രീതി. (PT.A, MPTA, S.S.G. SRG, OSA, എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കുക.
- ദൈനംദിന മോണിട്ടറിംഗ്. H.M, SRG കൺവീനർ എന്നിവരുടെ നേതൃത്വത്തിൽ

# മികവുകൾ / നേട്ടങ്ങൾ

## നടപ്പുവർഷം

* ക്ലാസ് · പി · ടി · എ · പ്രവർത്തനങ്ങൾ
* S.S.L.C. 100% വിജയം.
* ചേർപ്പ് ഉപജില്ല കലോത്സവം ഓവറോൾ കിരീടം
* IT മത്സരം. ഓവറോൾ രണ്ടാംസ്ഥാനം
* IT ലാബ് പരിഷ്കരണം
* IT. സംസ്ഥാനതല മത്സരത്തിൽ ക്വിസ് അഞ്ചാംസ്ഥാനം A ഗ്രേഡ് നേടി.
* മികച്ച ലിറ്റിൽ കൈറ്റ്സ് ക്ലബ്
* ഇന്ററാക്ടീവ് സ്മാർട്ട് ബോർഡ് അധ്യാപക പരിശീലനവും ക്ലാസ് പ്രവർത്തനങ്ങൾ.
* വിദ്യാരംഗം കലാസാഹിത്യവേദി സെമിനാർ അവതരണം 4-ാം സ്ഥാനം മാർട്ടിന റോസ് നേടി.
* U.S.S. 20 (1 Student gifted) NMMS 3 കുട്ടികൾ നേടി.
* U.N. പുരസ്കാരം
* Shooting ball ൽ വിദ്യാർത്ഥികൾ ദേശീയതല യോഗ്യത നേടി. * വടംവലിയിൽ 5 പേർ ദേശീയതല മെഡൽ നേടി.
* സംസ്ഥാനതലത്തിൽ ഖോഖോ 3 (പേർ) [illegible] (1) ബോൾബാഡ്മിന്റൺ (2) മെഡൽനേടി
* ക്രിക്കറ്റ് സംസ്ഥാനതലത്തിൽ (2) മെഡൽനേടി
* വോളിബോൾ 4 പേർ സംസ്ഥാന സ്കൂൾ [illegible] മെഡൽ നേടി.

## മുൻ വർഷം

* ഹൈടെക് ക്ലാസ് മുറികൾ
* സംസ്ഥാന കലോത്സവം ഗിറ്റാർ, ചാക്യാർകൂത്ത് ഒന്നാംസ്ഥാനം എ ഗ്രേഡ് നേടി.
* N.M.M.S. മത്സരപരീക്ഷയിൽ വിജയികളായി.
* ലൈബ്രറി പരിഷ്കരണം.
* 100% S.S.L.C. വിജയം.
* ചേർപ്പ് ഉപജില്ലാ കലോത്സവം ഓവറോൾ രണ്ടാംസ്ഥാനം.
* U.S.S. സ്കോളർഷിപ്പ്

# വിവിധ കമ്മറ്റികൾ

1. പരിസ്ഥിതി ക്ലബ്
2. IT. ക്ലബ്
3. സ്കൗട്ട് ആന്റ് ഗൈഡ്സ്
4. ജൂനിയർ റെഡ് ക്രോസ്
5. ഗണിത ക്ലബ്
6. സാമൂഹ്യശാസ്ത്ര ക്ലബ്
7. സയൻസ് ക്ലബ്
8. ഇംഗ്ലീഷ് ക്ലബ്
9. ആർട്സ് ക്ലബ്
10. വിദ്യാരംഗം കലാസാഹിത്യവേദി
11. M.P.T A.
12. S.R.G.
13. OSA
14. റിട്ടേഡ് സ്റ്റാഫ് അസോസിയേഷൻ
15. സ്പോർട്സ് ക്ലബ്
16. നൂൺ ഫീഡിങ്ങ് കമ്മിറ്റി.
17. ഹിന്ദി ക്ലബ്
18. സംസ്കൃതം
19. P.T.A.
20. SSG, SOC
21. 

# P.T.A. EXECUTIVE MEMBER'S

- പ്രദീപ്. N.K.
- സബിന നൗഷാദ്
- നജീബ് അലി
- രമ്യ വിനീഷ്
- സദാശിവൻ. V.
- സുരേഷ് കാരക്കാട
- ജോസ്. പി.സി.
- ബൈജു. V.R.
- ബൈജു മുല്ലക്കര
- റീന സെബു.
- ജിത

# ഉപസംഹാരം

മതനിരപേക്ഷമായ ഒരു സമൂഹത്തെ വാർത്തെടുക്കാനും സമഗ്രവും ശാസ്ത്രീയവുമായ രീതിയിൽ വിദ്യാഭ്യാസരംഗത്തെ ഉയർത്തുവാൻ ഈ രേഖ ഉപകരിക്കുമെന്നു കരുതുന്നു. കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക എന്നത്.

ഇത്തരം പരിശീലനങ്ങളാൽ സംരക്ഷിക്കപ്പെടുന്ന നമ്മുടെ വിദ്യാർത്ഥികൾ ലോകത്തെവിടെയും സമപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും വളർത്തിയെടുക്കുന്നതിനും നാട്യങ്ങൾ ഒട്ടുമില്ലാത്ത നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും ഈ വിദ്യാഭ്യാസരേഖ പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.